**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4302** **18-07-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും അറിയിക്കാമോ; | (എ) | ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.<br><br>1. ബാലുശ്ശേരി ടൗൺ<br><br>2. നടുവണ്ണൂർ ടൗൺ<br><br>3. കൂട്ടലിട ടൗൺ<br><br>4. കൂട്ടാലിട കുരിച്ചുണ്ട് റോഡ്<br><br>5. പൂനൂർ റോഡ്<br><br>6. പറമ്പിൻ മുകളിൽ<br><br>7. ഉപ്പംപെട്ടി കള്ളുഷോപ്പ് |
| (ബി) | ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നവീന പദ്ധതികൾ കെ.എസ്.ഇ.ബി.എൽ ആവിഷ്കരിച്ചു വരുന്നു.<br><br>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ